
# അർദ്ധ നിദ്ര

എം. പി. പ്രതീഷ്



അർദ്ധ നിദ്ര

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അർദ്ധ നിദ്ര . . . . . . . . . . . . . | 4 |
| 2 | ഇരുണ്ട പുലർനേരം . . . . . . . | 5 |
| 3 | പുകപൊങ്ങുന്ന ചായ്പിനു… . | 6 |
| 4 | ഓശ . . . . . . . . . . . . . . . . . . . | 7 |
| 5 | പക്ഷിയെ വരയ്ക്കുന്നു . . . . . . . . | 8 |
| 6 | കുതിർന്ന കാലുകൾ . . . . . . | 9 |

## 1

# അർദ്ധ നിദ്ര

ഉണരാതിരിക്കുന്ന
ഒരു പ്രാണി
കാലിനടിയിൽ തൊട്ടതിന്റെ നനവിൽ
ഞാൻ പെട്ടെന്ന് ഉണർന്നുപോയി

അപ്പോഴും,
ചുരുളുകൾക്കുള്ളിൽ
ഒരാളുടെ സ്വപ്നം
ശ്വാസം കൊള്ളുന്നതും
ഇരുളുള്ള ചില്ലകൾ
പാടത്തിന്റെ വക്കിൽ
മരത്തിൽ
ഉറക്കത്തിനുള്ളിൽ
ഉണർച്ചയില്ലാതെ
പാർക്കുന്നതും കണ്ടു

# 2

# ഇരുണ്ട പുലർനേരം

ഒഴിഞ്ഞ പൊത്തിനുള്ളിൽ കാറ്റുകൊണ്ട്
മഴവെള്ളം പാറിവീണു

കുറേക്കാലം മുമ്പ്
അവിടെനിന്ന് പറന്നുപോയ
കിളികളുടെ ഉടലു നനഞ്ഞു

ഉള്ളിലെയിരുട്ടിൽ,
വെള്ളത്തിന്റേയും
കിളികളുടെയും ഒച്ചകൾ
പരസ്പരം കലർന്നുകൊണ്ടിരുന്നു

# 3

# പുകപൊങ്ങുന്ന ചായ്പിനു മീതേ

നാരകത്തിന്റെ മണം
ഈ മുറിയിലെങ്ങനെ വന്നു?

നാരകത്തിന്റെ കൊമ്പുകളിൽ
ഈ മുറിയുടെ മണം എങ്ങനെയുണ്ടായി?

പുക പൊങ്ങുന്ന ചായ്പിനുമീതേ
മുള്ളുകളും ഇലകളും ശ്വാസവും
ചൂടു തട്ടിക്കൊണ്ടിരുന്നു.

## 4

## ഓശ

പാടത്തിനു നടുക്കുള്ള വീട്ടിൽ
ഒരപ്പനും മോളും പാർത്തു

വരമ്പത്തൊരു മുളയലകിൽ
നൂലിൽ കെട്ടിത്തൂക്കിയിട്ടിരുന്ന
തകരപ്പാട്ടകൾ
കാറ്റത്തോശയഴിത്താപ്പാടം മൂടി

ചീവീടിൻ ദേഹത്തും
മേയും പൈക്കളുടെ ദേഹത്തും
പുല്ലരിയുന്നോരുടെ ദേഹത്തും
തട്ടിച്ചിതറി

ദുഃസ്വപ്നം പോലെയുള്ള കലക്കവെള്ളത്തിൽ
ആണ്ടു പോയൊരു രാത്രി,

അപ്പൻ കാതോർത്തു,
പുറത്താരോ നടപ്പ്
പായും കിതപ്പ്
കതകിൽത്തള്ളുന്തരിപ്പ്

കാലത്തവർ രണ്ടാളും
പാടത്തൂടെ നടന്നു

വെള്ളം കേറിയ കണ്ടങ്ങൾ
ചേറിൻ ചതുപ്പ്
അണയാത്തൊരു മുറിച്ചന്ദ്രനെക്കണ്ടു

കോലായക്കല്ലുകളിൽ
വലിയൊരു മൃഗത്തിൻ
കുളമ്പ്

കൈ നെറ്റിയിൽ വെച്ചിട്ട് അപ്പൻ
മേലേക്ക് നോക്കി,
ചെരിവിൽപ്പറന്നുപോകുന്ന
ഒരു തളികയുടെയോശ കേട്ടു.

## 5

# പക്ഷിയെ വരയ്ക്കുന്നു

പക്ഷിയെ വരയ്ക്കുന്നു, കുഞ്ഞ്
അതിന്റെ വയറ്റിലെ മുട്ടകളെയും വരയ്ക്കുന്നു
കിളിക്കൂട് വരയ്ക്കുന്നു
അതിനകത്തെ കുഞ്ഞുങ്ങളെയും വരയ്ക്കുന്നു
മുഖത്ത് രണ്ടു കണ്ണും വരയ്ക്കുന്നു
കൊത്തിത്തിന്ന പഴത്തെ വരയ്ക്കുന്നു
പറക്കുന്ന മാനത്തെ വരയ്ക്കുന്നു
തണുത്ത കാറ്റിനെ വരയ്ക്കുന്നു

ആ കടലാസ് ചീന്തിയെടുത്തിട്ട്
പലതായി മടക്കിവക്കുന്നു
പിന്നെ മടക്കുകൾ നിവർത്തി
ചുളിഞ്ഞ ഭൂമിയെ കാട്ടിത്തരുന്നു

## 6

# കുതിർന്ന കാലുകൾ


വെള്ളത്തിന്റെ ഒച്ചകേട്ടുണർന്നു.
കൈതയുടെ കാടിനുപിന്നിൽ നിന്നാണ്.
കലങ്ങിയൊഴുകുന്നു.
വരമ്പുകൾ ഇടിഞ്ഞുകൊണ്ടിരുന്നു.
കെട്ടിനിൽക്കുന്ന വെള്ളത്തിന്റെ
പതുക്കെയുള്ള അലർച്ച.
നനവുള്ള പറവകളും
നനവുള്ള വീടുകളും
മരങ്ങൾക്കിടയിലൂടെ പടരുന്ന പുകയും
ഉടലിൽ വെളിച്ചമുണ്ടാക്കുന്ന പ്രാണിയും
അനങ്ങുന്നു.
എല്ലാം ഞാൻ തൊട്ടുനോക്കി.
മരണത്തിനു മേൽ ഒരു തുമ്പ മണ്ണുവീഴുന്നു.
അഴുകിയ ഇലകൾക്കടിയിൽ
പുഴുക്കളുറങ്ങുന്നു.
എഴുപതോ മുപ്പതോ വയസ്സുള്ള ഞാൻ
എന്റെ മൂത്രമുള്ള കിടക്കയിൽ
കാറ്റിൽപ്പെട്ട് എഴുന്നേറ്റിരുന്നു.

കുതിർന്ന ഷൂ
തറയിൽ അഴിച്ചിട്ട കുഞ്ഞുങ്ങൾ
അടുത്ത മുറിയിൽനിന്ന്
വെള്ളത്തിന്റെ ഒച്ചയുണ്ടാക്കി.

ചെളിയിൽ നനഞ്ഞു തണുത്ത
കാൽപാദങ്ങൾകൊണ്ട്.

□

# എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിനു് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014